കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

367 (1452) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ മിനി സിവിൽസ്റ്റേഷൻ നിർമ്മാണം മുടങ്ങിയിട്ട് എത്ര കാലമായി എന്നാണ് നിർമ്മാണം മുടങ്ങാനിടയായ കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

(ബി) മുടങ്ങിയ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾക്കായി കൊട്ടാരക്കര എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ ചേംബറിൽ യോഗം ചേർന്നത് എന്നാണ്; യോഗ തീരുമാനം എന്തായിരുന്നു;

(സി) യോഗ തീരുമാനം പാലിക്കപ്പെട്ടിരുന്നോ; ഇല്ലായെങ്കിൽ ആയതിൻ മേലെടുക്കാനുദ്ദേശിക്കുന്ന തുടർ നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം അടിയന്തിരമായി പുനരാരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം 14-8-2014 മുതൽ മുടങ്ങിക്കിടക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കരാറുകാരൻ ഫയൽ ചെയ്ത ഒരു റിട്ട് ഹർജി കേരള ഹൈക്കോടതിയിൽ നിലവിലുണ്ട്.

(ബി) 29-7-2015-ൽ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ യോഗ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഇപ്പോൾ റിട്ട് ഹർജിയിൽഉള്ള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. 29-7-2015-ലെ മീറ്റിംഗിലെ തീരുമാന പ്രകാരം 2015 നവംബർ 30-ന് കെട്ടിടം പൂർത്തീകരിക്കാമെന്ന് കോൺട്രാക്ടർ നിർദ്ദേശം വച്ചുവെങ്കിലും നിർമ്മാണം നാളിതുവരെയും പുനരാരംഭിച്ചിട്ടില്ല. നിർമ്മാണം പുനരാരംഭിക്കാത്തിരുന്നാൽ പ്രവൃത്തി റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് കോൺട്രാക്ടറെ അറിയിച്ചിട്ടുണ്ട്.

(ഡി) മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം അടിയന്തരമായി പുനരാരംഭിക്കാൻ ഹൈക്കോടതിയിൽ നിലവിലുള്ള റിട്ട് ഹർജിയിലെ വിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

---

* ഒരു ലൈനിയിൽ ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly